പത്രക്കുറിപ്പ്

# മന്ത്രിസഭ സത്യപ്രതിജ്ഞ ചടങ്ങ്:

## നഗരത്തിൽ ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തി.

തിരുവനന്തപുരം:- മന്ത്രിസഭ സത്യപ്രതിജ്ഞ ചടങ്ങുമായി ബന്ധപ്പെട്ട് ഇന്ന് (20.05.2021) തിരുവനന്തപുരം നഗരത്തിൽ ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

ഉച്ചക്ക് 12 മണിമുതൽ വൈകുന്നേരം 06.00 മണിവരെ രാജ്ഭവൻ, വെള്ളയമ്പലം, മ്യൂസിയം, പാളയം, വി.ജെ.റ്റി, സ്പെൻസർ, സ്റ്റാച്യു, പ്രസ്ക്ലബ്, വൈ.എം.സി.എ, (സെൻട്രൽ സ്റ്റേഡിയത്തിന് ചുറ്റുമുള്ള റോഡിലും), ആസാദ് ഗേറ്റ്, പുളിമൂട് വരെയുള്ള റോഡുകളിൽ ഗതാഗത നിയന്ത്രണവും, പാർക്കിംഗ് നിയന്ത്രണവും ഉണ്ടായിരിക്കുന്നതാണ്.

സെൻട്രൽ സ്റ്റേഡിയത്തിലേക്കുള്ള പ്രവേശനം പൂർണ്ണമായും കോവിഡ്-19 മാനദണ്ഡം പാലിച്ചാകയാൽ പ്രവേശന പാസ് ലഭിച്ച വാഹനങ്ങളെ മാത്രമേ കടത്തി വിടുകയുള്ളൂ. പരിശോധനയ്ക്കായി ക്രമീകരിച്ചിട്ടുള്ള ബ്ലോക്കിംഗ് പോയിന്റുകളായ മെയിൻ ഗേറ്റ്, ജേക്കബ്സ്, ഊറ്റുകുഴി, ഗവ.പ്രസ് ജംഗ്ഷൻ, ആസാദ് ഗേറ്റ്, വാൻറോസ് എന്നിവിടങ്ങളിലൂടെ ഉച്ചക്ക് 12.00 മണി മുതൽ സെൻട്രൽ സ്റ്റേഡിയം ഭാഗത്തേക്ക് വാഹനങ്ങൾ കടത്തിവിടുന്നതാണ്.

സെക്രട്ടറിയേറ്റ് മെയിൻ ഗേറ്റ്-ഗേറ്റ് IV-പ്രസ്ക്ലബ്-വൈ.എം.സി.എ-ആസാദ് ഗേറ്റ് വരെയുള്ള

സ്റ്റേഡിയത്തിന് ചുറ്റുമുള്ള റോഡ് വൺ–വേ ആയി ക്രമീകരിച്ചിട്ടുള്ളതാണ്.

നോ–പാർക്കിംഗ് സ്ഥലങ്ങൾ

ജനറൽ ഹോസ്പിറ്റൽ, ആശാൻസ്ക്വയർ റോഡിലും, പാളയം, വി.ജെ.റ്റി, സ്പെൻസർ, സ്റ്റാച്യൂ, പ്രസ്ക്ലബ്, വൈ.എം.സി,എ, ആസാദ് ഗേറ്റ് (സെൻട്രൽ സ്റ്റേഡിയത്തിന് ചുറ്റുമുള്ള റോഡ്) റോഡുകളിലും വാഹനങ്ങൾക്ക് പാർക്കിംഗ് നിയന്ത്രണങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

മേൽ പറഞ്ഞ റോഡുകളിലും, നഗരത്തിലെ പ്രധാന ജംഗ്ഷനുകളിലും, കർശന പാർക്കിംഗ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. യാതൊരു കാരണവശാലും റോഡുകളിൽ മാർഗ്ഗതടസ്സം സൃഷ്ടിച്ച് വാഹനങ്ങൾ പാർക്ക് ചെയ്യുവാൻ പാടുള്ളതല്ല.

പാർക്കിംഗ് സ്ഥലങ്ങൾ

1. ബാസ്കറ്റ് ബോൾ ഗ്രൗണ്ട് – ബഹു.ഗവർണർ, മുഖ്യമന്ത്രി, നിയുക്ത മന്ത്രിമാരുടെയും വാഹനങ്ങൾ
2. സെക്രട്ടറിയേറ്റ് അനക്സ് 2 – എം എൽ എ/എം പി/ പ്രത്യേകം ക്ഷണിതാക്കൾ എന്നിവരുടെ വാഹനങ്ങൾ (പാസ് കളർ ചുവപ്പ്– ഗേറ്റ്– എ യിലൂടെ പ്രവേശിക്കുന്നവരുടെ)
3. സെക്രട്ടറിയേറ്റ് ക്യാമ്പസ്–വകുപ്പ് സെക്രട്ടറി/ ഉന്നത ഉദ്യോഗസ്ഥർ, പോലീസ് വാഹനങ്ങൾ (പാസ് കളർ മഞ്ഞ)
4. പ്രസ് ക്ലബിന് മുൻവശം മുതൽ സ്പോർട്സ് കൗൺസിൽ വരെ – മാധ്യമ പ്രവർത്തകരുടെ വാഹനങ്ങൾ
5. ഗവ. പ്രസ് റോഡ്, ഹൗസിംഗ് ബോർഡ് – ഊറ്റുകുഴി റോഡ്, വൈ.എം.സി.എ റോഡ്– ക്ഷണിക്കപ്പെട്ടവരുടെ

വാഹനങ്ങൾ (പാസ് കളർ പച്ച -ഗേറ്റ് ബി യിലൂടെ പ്രവേശിക്കുന്നവരുടെ)

6. യൂണിവേഴ്സിറ്റി കോളേജ് ക്യാമ്പസ്–ക്ഷണിക്കപ്പെട്ടവരുടെ വാഹനങ്ങൾ (പാസ് കളർ നീല – ഗേറ്റ് ബി യിലൂടെ പ്രവേശിക്കുന്നവരുടെ)

എ, ബി എന്നീ ഗേറ്റുകളിലെ ബോർഡിംഗ് പോയിന്റിൽ നിന്നും ലഭിക്കുന്ന പാർക്കിംഗ് പാസിലെ സ്ഥലങ്ങളിൽ മാത്രമേ വാഹനങ്ങൾ പാർക്കു ചെയ്യാൻ പാടുള്ളൂ.

സെൻട്രൽ സ്റ്റേഡിയത്തിന് ചുറ്റുമുള്ള റോഡുകൾ വൺവേ ആയി ക്രമീകരിച്ചിട്ടുള്ളതിനാൽ ഊറ്റുകുഴി, ഗവ. പ്രസ് റോഡ്, എന്നീ ഭാഗത്തു നിന്നും സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കാൻ ക്ഷണം ലഭിച്ച് വരുന്ന ആൾക്കാരുടെ വാഹനങ്ങൾ ആസാദ് ഗേറ്റ് വഴി വന്ന് മെയിൻ ഗേറ്റിലൂടെ സ്റ്റേഡിയത്തിലേക്ക് പ്രവേശിക്കേണ്ടതാണ്.

പാർക്കിംഗ് സ്ഥലങ്ങളിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങളിൽ ഡ്രൈവർമാർ ഉണ്ടായിരിക്കേണ്ടതും സത്യപ്രതിജ്ഞ ചടങ്ങ് കഴിഞ്ഞ് ഒരുമിച്ച് വാഹനങ്ങൾ പുറത്തേക്ക് വരാൻ പാടില്ലാത്തതുമാണ്. നിർദ്ദിഷ്ട പാർക്കിംഗ് സ്ഥലത്തു നിന്നും പാർക്കിംഗ് പാസിൽ പറഞ്ഞിട്ടുള്ള ക്രമ നമ്പർ പ്രകാരം പോലീസിന്റെ അറിയിപ്പ് ലഭിക്കുന്ന മുറക്ക് മാത്രമേ വാഹനങ്ങൾ ബോർഡിംഗ് പോയിന്റിലെത്തി ആളുകളെ കയറ്റി പോകുവാൻ പാടുള്ളൂ. ഒരു സമയത്ത് മൂന്ന് വാഹനങ്ങളിൽ കൂടുതൽ പാർക്കിംഗ് സ്ഥലത്തു നിന്നും ബോർഡിംഗ് പോയിന്റിലേക്ക് വരാൻ പാടുള്ളതല്ല.

<u>സത്യപ്രതിജ്ഞ ചടങ്ങിനോടനുബന്ധിച്ച് സെൻട്രൽ സ്റ്റേഡിയ പരിസരത്ത് ഏർപ്പെടുത്തിയിട്ടുള്ള ഗതാഗത ക്രമീകരണങ്ങളുടെ മാപ്പ്:–</u>

# SWEARING IN CEREMONY, TRAFFIC ARRANGEMENTS IN CENTRAL STADIUM



തിരുവനന്തപുരം സിറ്റി പോലീസിന്റെ മേൽ പറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് സത്യപ്രതിജ്ഞ ചടങ്ങ് വീക്ഷിക്കാൻ എത്തുന്നവർ സഹകരിക്കണമെന്നും എല്ലാപേരും കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്നും. സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികളും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണ്.

ഫോൺ നമ്പരുകൾ:-0471-255873, 0471-2558732

തിരുവനന്തപുരം സിറ്റി
19-05-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി